

## സെന്റ് തോമസ് അഡോറേഷൻ കോൺവെന്റ് കലയന്താനി

സ്ഥാപനം : 1952

ഇളം തലമുറയെ മൂല്യബോധത്തിലും ഈശ്വരവിശ്വാസത്തിലും വളർത്തിക്കൊണ്ടുവരാൻ സിസ്റ്റേഴ്സിന്റെ സഹായം ഒരു അനിവാര്യതയായി അന്നത്തെ ഇടവക വികാരി ബ. വർഗീസ് മൊതകുന്നേലച്ചൻ നിരീക്ഷിച്ചു. അന്ന് എറണാകുളം രൂപതയിലെ ആരാധനമഠത്തിന്റെ കേന്ദ്രമായിരുന്ന കൊരട്ടി മഠത്തിൽ ചെന്ന് മദർ ജനറൽ ബ. സിയന്നാമ്മയുടെ പക്കൽ താല്പര്യം അറിയിച്ചു. അനുകൂലമായ മറുപടിയും ലഭിച്ചു. രൂപതാദ്ധ്യക്ഷൻ മാർ അഗസ്റ്റ്യൻ കണ്ടത്തിൽ പിതാവിന്റെ അനുമതിയോടെ 1952-ൽ നമ്മുടെ ഒരു ഭവനം അവിടെ ആരംഭിച്ചു. താമസിക്കാൻ ഇടമില്ലാത്ത അവസ്ഥയിൽ പള്ളിമേടയുടെ ഒരു മുറിയിൽ താമസമാക്കി. ആ വർഷം തന്നെ സമീപത്തുള്ള ഒരു വീടും പറമ്പും വാങ്ങി അവിടേയ്ക്ക് താമസം മാറ്റി. ഇളംദേശം, പന്നിമറ്റം, ചിലവ് എന്നിവിടങ്ങളിലെ സ്ക്കൂളുകളിലേയ്ക്ക് 10-15 കിലോമീറ്ററുകൾ നടന്നുപോയി ആണ് സിസ്റ്റേഴ്സ് പഠിപ്പിച്ചിരുന്നത്. മഠം കാലക്രമേണ താമസയോഗ്യമല്ലാതായപ്പോൾ 1980-ൽ പുതുക്കിപ്പണിതു. മഠത്തോടനുബന്ധിച്ച് ഒരു Kinder Garten School ഉം Free boarding ഉം നടത്തിവരുന്നു.